പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1960 *16.06.2014-ൽ* മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി ബസ്സുകൾ വാടകയ്ക്ക് നൽകൽ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. എം. ഷാജി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്. ആർ.ടി.സി. ബസ്സുകൾ ഇതര സർക്കാർ/അർദ്ധ സർക്കാർ/ സ്വകാര്യസ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ ആർക്കൊക്കെ വാടകയ്ക്ക് നൽകിവരുന്നുണ്ട്; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി ബസ്സുകൾ പ്രൈവറ്റ് ഹയർ അടിസ്ഥാനത്തിൽ വിവാഹം, വിനോദയാത്ര മറ്റ് ഇതര ആവശ്യങ്ങൾ എന്നിവയ്ക്കായി പൊതുജനങ്ങൾക്ക് വാടകക്ക് നൽകാറുണ്ട്. ഇതിനു പുറമെ അതത് ജില്ലാ കളക്ടർമാരുടെ നിർദ്ദേശ പ്രകാരം സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നീ ദേശീയ ഉത്സവങ്ങൾക്കും വാടകക്ക് നൽകാറുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ നിർദ്ദേശ പ്രകാരം പെട്ടെന്നുണ്ടാകുന്ന പല ആവശ്യങ്ങൾക്കും ബസ് നൽകാറുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രായോഗിക പരീക്ഷകൾക്കും ബസ് വാടകക്ക് നൽകാറുണ്ട്. അതോടൊപ്പം കെൽട്രോൺ പോലുള്ള സ്ഥാപനങ്ങൾക്ക് അവരുടെ ജീവനക്കാരെ എത്തിക്കുന്നതിനായി സർവ്വീസിനിടക്ക് ട്രിപ്പുകൾ അറേഞ്ച് ചെയ്ത് നൽകാറുണ്ട്. |
| (ബി) | എങ്കിൽ എത്ര ബസ്സുകൾ, ആർക്കൊക്കെ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ആണ് നൽകിവരുന്നത്; | | |
| (സി) | ഇതിൽ ഓരോ ഇടപാടിൽ നിന്നായി ലഭിക്കുന്ന വരുമാനം സംബന്ധിച്ച വിശദാംശം നൽകാമോ; | (സി) | ലഭ്യമായ താൽക്കാലിക കണക്ക് പ്രകാരം 2012-13 സാമ്പത്തിക വർഷം 36,95,944 രൂപ പ്രൈവറ്റ് ഹയർ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിങ്ങിന് ശേഷം മാത്രമെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. 2013-14 വർഷത്തെ ഈ ഇനത്തിലുള്ള കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ബസ്സുകൾ ഇത്തരം സ്വകാര്യ സർവ്വീസിന് പുറമേ കെ. എസ്.ആർ.ടി.സി.-യിലെ ദൈനം ദിന ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (ഡി) | പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ നൽകുന്ന ബസുകൾ ആയതിന്റെ സമയക്രമം അനുസരിച്ച് ഉപയോഗത്തിനുശേഷം സർവ്വീസിന് നൽകുവാൻ കഴിയാറുണ്ട്. കെൽട്രോൺ പോലുള്ള സ്ഥാപനങ്ങൾക്ക് നൽകുന്ന ബസ്സുകൾ അതിനുവേണ്ടി ഉപയോഗിക്കുന്ന പ്രത്യേക ട്രിപ്പുകൾ കഴിഞ്ഞാൽ സർവ്വീസിന് ഉപയോഗിക്കാറുണ്ട്. പുറമെ, സർവ്വീസിനിടക്ക് പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ചില പ്രത്യേക സന്ദർഭങ്ങളിൽ ട്രിപ്പുകൾ അറേഞ്ച് ചെയ്ത് നൽകാറുമുണ്ട്. |

സെക്ഷൻ ഓഫീസർ